**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഇരിട്ടി, പേരാവൂർ, മുഴക്കുന്ന് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാവൂർ നിയോജക മണ്ഡലത്തിലെ ഇരിട്ടി നഗരസഭ, പേരാവൂർ, മുഴക്കുന്ന് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ കിഫ്ബി യിൽപ്പെടുത്തിയുള്ള കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഇരിട്ടി നഗരസഭയ്ക്കും മട്ടന്നൂർ മുനിസിപ്പാലിറ്റിയ്ക്കും വേണ്ടി കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ, ട്രീറ്റ്മെൻറ് പ്ലാൻറ് മട്ടന്നൂർ നഗരസഭയ്ക്കുള്ള ഉന്നതതല സംഭരണി, പ്ലാൻറിൽ നിന്നും സംഭരണിയിലേക്കുള്ള പൈപ്പ്ലൈൻ എന്നിവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇരിട്ടി നഗരസഭയ്ക്കുള്ള ഉന്നതതല സംഭരണിയുടെയും സംഭരണിയിലേക്ക് പ്ലാൻറിൽ നിന്നുള്ള പൈപ്പ് ലൈനിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇത് 2022 മെയ് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും. പേരാവൂരിനും മുഴക്കുന്നിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണപദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്ഥലം ലഭ്യമായാലുടനെ തുടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ